വള്ളംകളി

142 (3071) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം വള്ളംകളി നടക്കുന്നുണ്ട്;

(ബി) ഏതെല്ലാം ആഘോഷങ്ങളുടെ ഭാഗമായാണ് ഇപ്പോൾ വള്ളംകളി നടത്തിവരുന്നത്;

(സി) ജനകീയാടിത്തറയുള്ള ഈ വിനോദത്തിന് വിദേശ ടൂറിസ്റ്റുകളുടെ ഇടയിൽ കൂടുതൽ പ്രചാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത വള്ളംകളികൾക്ക് ഗവൺമെന്റ് എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിവരുന്നു;

(ഇ) ഓരോ സ്ഥലത്തെയും വള്ളംകളിയിൽ ഗവൺമെന്റിന് ഏതെല്ലാം വിധത്തിൽ പങ്കാളികളാക്കാമെന്നും ഏതെല്ലാം വിധത്തിൽ പ്രസ്തുത വള്ളംകളികളെ വികസിപ്പിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പ് ധനസഹായം നൽകുന്ന വള്ളംകളികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1.	വെള്ളായണി വള്ളംകളി	-	തിരുവനന്തപുരം
2.	കല്ലട വള്ളംകളി	-	കൊല്ലം
3.	നെഹ്റുട്രോഫി വള്ളംകളി	-	ആലപ്പുഴ
4.	ചമ്പക്കുളം വള്ളംകളി		
5.	മഹാകവി കുമാരനാശാൻ വള്ളംകളി	-	,,
6.	മാന്നാർ മഹാത്മ വള്ളംകളി	-	,,
7.	കരുവാറ്റ ലീഡിംഗ് ചാനൽ ജലോൽസവം	-	,,
8.	രാജീവ്ഗാന്ധി ട്രോഫി വള്ളംകളി	-	,,
9.	പായിപ്പാട് വള്ളംകളി	-	,,
10.	വിരിപ്പുകാല ശ്രീനാരായണ ബോട്ട് റെയ്സ്	-	കോട്ടയം
11.	കുമരകം വള്ളംകളി		
12.	പമ്പ ജലോൽസവം	-	പത്തനംതിട്ട
13.	ഇടത്തിക്കാവ് വള്ളംകളി	-	,,
14.	ഇന്ദിരാഗാന്ധി വള്ളംകളി	-	കൊച്ചി
15.	കോട്ടപ്പുറം വള്ളംകളി	-	കൊടുങ്ങല്ലൂർ
16.	പഞ്ചമം കാപ്പാട് വള്ളംകളി	-	കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതത് പ്രദേശങ്ങളിലെ ഉത്സവങ്ങളാണ് വള്ളംകളികൾ. ഓണാഘോഷങ്ങളുടെ ഭാഗമായും വള്ളംകളി നടന്നുവരുന്നു.

(സി) ടൂറിസം വകുപ്പ് പുറത്തിറക്കുന്ന പ്രചാരണോപാധികളിൽ ഉൾപ്പെടുത്തി പ്രമുഖ വള്ളംകളിമേളകൾക്ക് ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പ്രചാരണം നടത്തിവരുന്നു.

(ഡി) കളികൾക്കും മറ്റുമുള്ള പ്രോത്സാഹനത്തിനായി പ്രചാരണത്തിനു സഹായിക്കുന്നതിനുപുറമെ ടൂറിസം വകുപ്പ് സാമ്പത്തികസഹായവും നൽകിവരുന്നുണ്ട്.

(ഇ) വള്ളംകളി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത് പ്രാദേശിക കമ്മിറ്റികളാണ്. കൂടുതൽ പ്രചാര പരിപാടികൾ ആവിഷ്ക്കരിച്ചും സാധ്യമായ സാമ്പത്തികസഹായം അനുവദിച്ചും സംസ്ഥാന ടൂറിസം വകുപ്പ് ഈ സംരംഭങ്ങളിൽ പങ്കാളിത്തം വഹിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാനസികരോഗാശുപത്രികളുടെ പ്രവർത്തനം

143(3072)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാനസികരോഗാശുപത്രികളിൽ രോഗികൾക്ക് മരുന്ന്, ആഹാരം, വസ്ത്രം, കിടക്ക എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) രോഗം പൂർണ്ണമായി മാറിയിട്ടും മടങ്ങിപ്പോകാൻ കഴിയാത്ത എത്ര പേർ ഇപ്പോൾ ആശുപത്രികളിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസത്തിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മാനസികരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് മരുന്ന്, ആഹാരം, വസ്ത്രം, കിടക്ക എന്നിവ ആവശ്യാനുസരണം നൽകുന്നുണ്ട്. ഇവിടെ ലഭ്യമല്ലാത്ത മരുന്നുകൾ ലോക്കൽ പർച്ചേസ് മുഖാന്തിരം വിലക്കു വാങ്ങി നൽകുന്നുണ്ട്. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നീതി സ്റ്റോർ, ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മിൽമ, മത്സ്യഫെഡ് എന്നീ ഗവണ്മെന്റ് ഏജൻസികളിൽ നിന്നും ഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യമുള്ള വസ്ത്രം കുളിതോർത്ത്, മുണ്ട് എന്നിവയും കട്ടിലുകൾ പാത്രങ്ങൾ, കിടക്കവിരികൾ എന്നിവയും വാങ്ങി രോഗികൾക്ക് വിതരണം ചെയ്തു.